# കപടസദാചാരബോധം വരുന്ന വഴികൾ


പ്രശാന്ത് പരമേശ്വർ

*സ്ത്രീശരീരങ്ങളിൽ മാംസളത മാത്രം നോക്കി നടക്കുന്ന കണ്ണുകൾ... പിഞ്ചുകുഞ്ഞിന്റെ ശരീരത്തിൽ പോലും കയറി നോവിക്കുന്ന മൃഗീയത... പാഠം ചൊല്ലിക്കൊടുക്കുന്ന ഗുരുമനസ്സിൽ കാമം വിടരുന്നതും ശവപ്പറമ്പിലെ മൃതദേഹങ്ങളിൽ വികാരം ശമിപ്പിക്കുന്നതും..... കേരളീയന്റെ വാർത്തകളിൽ ഇവയൊന്നും പുത്തരിയല്ല. എന്നിട്ടും സദാചാരം നാഴികക്ക് നാല്പതുവട്ടം പുലമ്പുന്ന വിദ്യാസമ്പന്നരും ആഢ്യരുമാണ് നാം . എന്തേ മലയാളികൾ ഇങ്ങനെയായി? ഒരു അന്വേഷണം.*

"ഷക്കീലപ്പടീ... ഷക്കീലപ്പടീ...." ബസിലെ കിളി വിളിച്ചുപറയുകയാണ്. മലവെള്ളപ്പാച്ചിൽ പോലെ ജനങ്ങൾ ബസിൽ നിന്നും മുന്നിൽ കണ്ട തീയ്യറ്ററിലേക്ക് ഇരച്ചുകയറുന്നു. പിന്നെ വണ്ടി കാലി.

ഷക്കീലപ്പടി, തൃശ്ശൂരിലെ ഒരു തീയറ്ററിനു സമീപത്തെ ബസ്സ്റ്റോപ്പിന്റെ പുതിയ പേരാണ്. ഇതുവരെ മലയാളസിനിമയിൽ ഒരു നടിക്കും ലഭിച്ചിട്ടില്ലാത്ത സ്മാരകം കൂടിയത്രേ ഇത്.

ഷക്കീല ഇന്നൊരു ആശ്രയമാണ്. സാമ്പത്തികപ്രതിസന്ധിയിൽ നട്ടംതിരിയുന്ന മലയാള സിനിമയുടെ, അതിലുപരി ഒരു പ്രതീകവും,



മലയാളിയുടെ അടിച്ചമർത്തപ്പെട്ട ലൈംഗികമോഹങ്ങളുടെ, അവന്റെ സദാചാര കാപട്യത്തിന്റെ.

"മലയാളി എന്നല്ല ഒരു മനുഷ്യവംശവും ഒരു കാലത്തും പരിപൂർണ്ണ വിശുദ്ധരായിരുന്നിട്ടില്ല. മനുഷ്യൻ അവന്റെ വ്യക്തിജീവിതത്തിൽ കാണിച്ചുകൂട്ടുന്ന രതിയുടെയോ വൈകൃതത്തിന്റെയോ ലക്ഷത്തിൽ ഒരംശം പോലും ഒരു സെക്സ് സിനിമയും കാണിച്ചുതരുന്നില്ല. മലയാള സിനിമയിലെ നീലവസന്തത്തിൽ ഷക്കീല സെക്സിന്റെ വെറുമൊരു നിമിത്തം മാത്രമായിരുന്നു. അവരെ മുന്നിൽ നിർത്തി തുണിയുരിഞ്ഞവരും തുണിയുരിയിച്ചവരും വേറെ പലരുമായിരുന്നു. അതിനെ അബ്സേർഡ് ആയി മുന്നേറിക്കൊണ്ടിരിക്കുന്ന കാലത്തിന്റെ ഒരു പ്രത്യേക പിരീഡിൽ നിന്നെടുക്കാവുന്ന നല്ല ഒരു സ്പെസിമെൻ ആയി ഉൾക്കൊള്ളുന്നതാകും ബുദ്ധി". ഷക്കീലയെ സദാചാരവിരുദ്ധയെന്ന് മുദ്രകുത്തിയ ലേഖകനെതിരെ ഒരു ലിറ്റിൽ മാഗസിനിൽ വന്ന പ്രതികരണമാണ് ഇത്.

അറുപതുകാരൻ ഒമ്പതു വയസ്സുകാരിയെ നോവിക്കുന്ന നാടാണ് നമ്മുടേത്. ഏറ്റവും കൂടുതൽ ബാലശരീരങ്ങൾ വിൽക്കുന്ന സംസ്ഥാനമാണ്. ആയിരത്തിൽ രണ്ടു പേർക്ക് എയ്ഡ്സ് ഉണ്ടെന്നറിഞ്ഞതാണ് നമ്മുടെ നാട്. ദൈവതുല്യരായ അദ്ധ്യാപകർ വിദ്യാർത്ഥിനികളെ ഭീഷണിപ്പെടുത്തി ലൈംഗിക ചൂഷണത്തിന് വിധേയരാക്കുന്നവരുടെ നാടാണ്. കൂടാതെ ജനപ്രതിനിധികൾ പ്രജകളേയും സഹപ്രവർത്തകരേയും ശാരീരിക പീഡനത്തിന് വിധേയരാക്കി അവരുടെ കണ്ണീരിൽ കൊടിക്കൂറകൊണ്ടൊപ്പി നാടു ഭരിപ്പിച്ച നാടാണ്. നൂറുശതമാനം വിദ്യാസമ്പന്നരായ നാം ഇതെല്ലാം കണ്ടിട്ടും കണ്ടില്ലെന്ന പോലെ, കേട്ടിട്ടും കേൾക്കാത്ത പോലെ ഷണ്ഡത്വം ബാധിച്ച സമൂഹമായി നിലകൊള്ളുന്നു. എന്നിട്ടും സദാചാരത്തെപ്പറ്റി പറയുമ്പോൾ മലയാളിക്കായിരം നാവാണ്. ഇരുചക്രവാഹനത്തിൽ കാൽകവച്ചുവെച്ച് പോകുന്ന സ്ത്രീയെ കാണുമ്പോഴേക്കും സദാചാരബോധത്തെപ്പറ്റി പുലമ്പുന്നരാണ് നാം. എന്തേ നാം മലയാളികൾ ഇങ്ങനെ പെരുമാറുന്നത്?

"മലയാളിക്ക് കപട സദാചാരബോധം കൂടുതലാണ്. അവർ പൊതുവേ ലൈംഗിക വികാരങ്ങളെ അടിച്ചമർത്തി സ്വയം ബലാൽസംഗം ചെയ്യുന്നവരായാണ് കാണപ്പെടുന്നത്.

(ശേഷം 5ാം പേജിൽ)

# കപടസദാചാരബോധം

1ാം പേജ് തുടർച്ച

എക്കാലത്തും ലൈംഗിക പ്രശ്നങ്ങൾ സാമൂഹ്യ സാഹചര്യത്തിൽ ചർച്ച ചെയ്യപ്പെടാൻ അവർ മടിച്ചിരുന്നു. എയ്ഡ്സിന്റെ കടന്നുവരവോടെയാണ് ഈ സ്ഥിതിക്ക് കുറച്ചെങ്കിലും മാറ്റം വന്നത്." കോഴിക്കോട് മെഡിക്കൽ കോളേജിലെ മന:ശ്ശാസ്ത്രജ്ഞനും ഏഷ്യാനെറ്റിൽ 'രതിസുഖസാരേ' എന്ന ലൈംഗിക വിജ്ഞാന പരിപാടിയുടെ കൺസൾട്ടിംഗ് ഡോക്ടറുമായ കെ.പ്രമോദ് പറയുന്നു. "ആൺ-പെൺ സൗഹൃദങ്ങളുടെ അപര്യാപ്തതയും ലൈംഗിക വിജ്ഞാനത്തിന്റെ അഭാവവും നമ്മുടെ സമൂഹത്തിലെ വർദ്ധിച്ചു വരുന്ന ലൈംഗിക ചൂഷണത്തിന് കാരണമാകാറുണ്ട്. അവിഹിത ഗർഭധാരണവും, ബസ്സുകളിലെ പീഡനവും ഇതിന്റെ പ്രതിഫലനമാണ്."

ക്ലീനിക്കൽ സൈക്കോളജിസ്റ്റ് അസോസിയേഷൻ ഈ വർഷം മദ്രാസ്സിൽ വെച്ചു നടത്തുന്ന സമ്മേളനത്തിൽ ഡോ. പ്രമോദ് ഒരു പഠന വിഷയം അവതരിപ്പിച്ചിരുന്നു. 71 ശതമാനം പുരുഷന്മാരും 84 ശതമാനം സ്ത്രീകൾക്കും ലൈംഗിക വിജ്ഞാനത്തിന്റെ അഭാവമുണ്ടെന്നും 50 ശതമാനം പുരുഷന്മാർക്കും 75 ശതമാനം സ്ത്രീകൾക്കും ലൈംഗികതയെ പറ്റി തെറ്റായ ധാരണകളുണ്ടെന്നുമുള്ള പഠന റിപ്പോർട്ട് മലയാളിയുടെ ലൈംഗിക കാര്യങ്ങളിലുള്ള അജ്ഞത വെളിപ്പെടുത്തുന്നു.

നമ്മുടെ സംസ്കാരവുമായി ഇഴുകിച്ചേർന്നു കിടക്കുന്നതാണ് സദാചാരബോധം. 19-ാം നൂറ്റാണ്ടിലെ മലയാള ജനതയെക്കാൾ എത്രയോ മാറിയിരിക്കുന്നു നാമിപ്പോൾ. അന്ന് സദാചാരബോധം ഇത്രയൊന്നും പ്രകടമായിരുന്നില്ലെന്ന് പലരും വാദിക്കുന്നുണ്ട്. നമ്മുടെ സദാചാരബോധത്തിന്റെ അടിവേരുകൾ അന്വേഷിച്ചാൽ 'നാലുകെട്ടിന്റെ അകത്തളങ്ങളിൽ പുറം ലോകം അന്യമായ ഭാവശുദ്ധിയോടെ ഇരിക്കുന്ന ഭാരതസ്ത്രീയെ' ദർശിക്കാനാകും. കാലത്തിന്റെ കുതിച്ചോട്ടത്തിൽ ഈ സവർണ ചിഹ്നം താഴെയുള്ളിടയിലുള്ളവർ സ്വാംശീകരിച്ച് സ്വാഭിമാനത്തിന്റെ ഭാഗമാക്കിയപ്പോൾ വന്നുചേർന്നു പോയതാണ് സദാചാരബോധത്തിന്റെ പിന്നാമ്പുറമെന്നും അവകാശപ്പെടുന്നവരുമുണ്ട്. പഴയ ജാതിബോധത്തിനു പകരമായി ലിംഗബോധത്തിന്റെ കടന്നുകയറ്റവും, കാലാന്തരത്തിൽ സാമുദായികശക്തികളുടെ പിടിമുറുക്കലിൽ നിന്നും ഉയർന്നുവന്നതാണ് സംസ്കാരമായും സദാചാരമായും കൊട്ടിഘോഷിക്കപ്പെട്ടത് എന്നും അഭിപ്രായങ്ങളുണ്ട്.

സാമൂഹ്യ പ്രവർത്തകയായ ഡോ. ജയശ്രീയുടെ അഭിപ്രായത്തിൽ മോണോ ഗാമസ് (ഏകപത്നി സമ്പ്രദായം) കുടുംബസങ്കല്പങ്ങളുടെ ഭാഗമായി വന്നതാണ് നമ്മുടെ സദാചാരബോധവും അതിന്റെ പ്രത്യാഘാതമായി വരുന്ന പീഡനങ്ങളും. നമ്മുടെ ലൈംഗികതയെ ഒരാളിൽ മാത്രം ഒതുക്കി നിറുത്തുകയും പരസ്ത്രീബന്ധം അത് ഏതായാലും പാപമാണെന്ന ബോധം ഇതിലൂടെ വേരുറയ്ക്കുകയും ചെയ്തു. മേഡണൈസേഷന്റെ ഭാഗമായി വരുന്ന പഠനസമ്പ്രദായങ്ങളും ശരിയായ ലൈംഗിക കാഴ്ചപ്പാടോ, ആൺ-പെൺ ഇടപെടലുകളോ സൃഷ്ടിക്കാൻ ഉതകുമായിരുന്നില്ല. അഥവാ ആൺ-പെൺ സൗഹൃദയങ്ങളുണ്ടായാൽ തന്നെ നാട്ടുകാർ 'മോറൽ പോലീസിങ്ങി'ന്റെ റോൾ ഏറ്റെടുക്കുകയും അത്തരം ബന്ധങ്ങളിൽ വിലക്ക് കല്പിക്കുകയും ചെയ്യും. സ്നേഹിതനുള്ള സ്പേസ് നമ്മുടെ സമൂഹത്തിൽ പെൺകുട്ടികൾക്ക് ലഭിക്കുന്നില്ല എന്നതാണ് അവസ്ഥ. പണ്ട് കൂട്ടുകുടുംബമായിരുന്നതുകൊണ്ട് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇടപഴകാൻ അവസരമുണ്ടായിരുന്നു. ലൈംഗികതയെ പാപമായും അടക്കിപ്പിടിച്ചിരിക്കേണ്ട ഏതോ ഒരു മൃഗീയവികാരമായുമാണ് യുവതലമുറ ഇന്നും കണ്ടുവരുന്നത്. അതുതന്നെയാണ് അവരുടെ ലൈംഗിക പരാജയങ്ങൾക്ക് കാരണമാകാറുള്ളതെന്നും മന:ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ആധുനിക സമൂഹത്തിലെ കാഴ്ചകളിലൂടെ സൃഷ്ടിക്കപ്പെടുന്ന ലൈംഗികാനുഭാവത്തെ കുറിച്ച് ജി. ഉഷാകുമാരി ഇങ്ങനെ എഴുതുന്നു.

'മറച്ചുവെക്കുക എന്നത് നാഗരികമായ പ്രക്രിയയാണ്. കാഴ്ചയും നാഗരികതയും തമ്മിലുള്ള ബന്ധം നമുക്ക് ഇങ്ങനെ അവഗണിക്കാൻ സാധ്യമല്ല. ആദിമഗോത്ര സമൂഹങ്ങളിൽ സ്ത്രീയുടെ മാറിടം മറക്കപ്പെട്ടിരുന്നില്ല. മറച്ചുവെക്കേണ്ടവയെ പുതിയ നാഗരികത ആദ്യം സൃഷ്ടിക്കുകയും അതിനെ നിഗൂഢവൽക്കരിച്ച് ആഗ്രഹകേന്ദ്രമാക്കുകയും അതിനെ അകറ്റി അപ്രാപ്യമാക്കി മാറ്റി നിർത്തുകയും ചെയ്യുന്നു. ഇങ്ങനെ നിഗൂഢമാക്കുന്നതിലൂടെ പുതിയ കാഴ്ചവസ്തു സൃഷ്ടിക്കപ്പെടുന്നു. പിന്നീട് ഇത് കച്ചവടാധിഷ്ഠിത ലൈംഗിക കേന്ദ്രമായിത്തീരുന്നത് പുരുഷാധിപത്യ സമൂഹത്തിലാണ്.'

ഈ തത്വശാസ്ത്രങ്ങളും ബുദ്ധിജീവി ജല്പനങ്ങളുമെന്നും വശമില്ലാത്ത സാധാരണക്കാരനായ ജനം ഷക്കീലാ ചിത്രങ്ങൾ കളിക്കുന്ന തീയ്യേറ്ററുകളുടെ ക്യൂവിൽ നിന്ന് പുലമ്പുകയാണ്.... "ഈ അടക്കിപ്പിടിച്ചിരിക്കുന്ന സാധനങ്ങളൊന്ന് പൊട്ടിച്ചുകളയണ്ടേ ചേട്ടാ. അതിനാ ഇവിടെ നെരങ്ങണത്."

(തുടരും)